# കേരള സർവകലാശാല

നം. പി.ആർ.238/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.കോം(ടാക്സ്/കോർപ്പറേഷൻ) ബി.എ (സോഷ്യോളജി) പ്രൈവറ്റ് രജിസ്ട്രേഷൻ ആരംഭിക്കുന്നു

കേരള സർവകലാശാല ബി.കോം (ടാക്സേഷൻ), ബി.കോം (കോഓപ്പറേഷൻ), ബി.എ (സോഷ്യോളജി) എന്നീ കോഴ്സുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ വഴി ലഭ്യമാക്കി ഉത്തരവായി. പ്രവേശന വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതാണ്.

## പ്രാക്ടിക്കലും വൈവയും

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ മ്യൂസിക് പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും നവംബർ ആറ് മുതൽ 17 വരെയുള്ള തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രാക്ടിക്കൽ വൈവ വോസി പരീക്ഷ

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എസ്സി മാത്തമാറ്റിക്സ് വൈവ വോസി പരീക്ഷകൾ നവംബർ 13 മുതലും, കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി പ്രാക്ടിക്കൽ വൈവ വോസി പരീക്ഷകൾ നവംബർ ആറ് മുതലും വിവിധ സെന്ററുകളിൽ വെച്ച് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രാക്ടിക്കൽ വൈവ വോസി പരീക്ഷ തീയതി മാറ്റം

കേരള സർവകലാശാല ഒക്ടോബർ 30 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എസ്സി ജ്യോഗ്രഫി പ്രാക്ടിക്കൽ വൈവ വോസി പരീക്ഷകൾ നവംബർ ആറ് മുതൽ പുനക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## തൊഴിൽ മേള വിജയമാക്കി മോഡൽ കരിയർ സെന്റർ

കേരള സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന കേന്ദ്രസർക്കാരിന്റേയും, എംപ്ലോയ്മെന്റ് വകുപ്പിന്റെയും സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ വെള്ളിയാഴ്ച നടത്തിയ തൊഴിൽ മേളയിൽ 550 ഓളം ഉദ്യോഗാർത്ഥികളെ വിവിധ സ്വകാര്യ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുത്തു. ആയിരത്തി ഇരുനൂറോളം ഉദ്യോഗാർത്ഥികൾ പങ്കെടുത്ത തൊഴിൽ മേളയിൽ ടെക് മഹീന്ദ്ര, ആനന്ദ് ഗ്രൂപ്പ് ഓഫ് കമ്പനീസ് മുത്തൂറ്റ് ഗ്രൂപ്പ് ഫിൻ കോർപ്പ്, ആദിത്യ ബിർള ക്യാപ്പിറ്റൽ, വി.കെ.സി ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് തുടങ്ങി 12 മുൻനിര സ്വകാര്യ കമ്പനികൾ പങ്കെടുത്തു.

## എം.ബി.ബി.എസ് പരീക്ഷകൾ

കേരള സർവകലാശാല നവംബർ 22 ന് ആരംഭിക്കുന്ന മൂന്നാം വർഷ എം.ബി.ബി.എസ് പാർട്ട് ഒന്ന് & പാർട്ട് രണ്ട് പരീക്ഷകൾക്ക് അപേക്ഷിക്കേണ്ട അവ

സാന തീയതി നവംബർ ആറും 50 രൂപ പിഴയോടുകൂടി നവംബർ എട്ട് വരെയും 125 രൂപ സൂപ്പർഫൈനോടുകൂടി നവംബർ 10 വരെയും അപേക്ഷിക്കാം.

## പി.ജി.ഡി.സി.എ ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം നവംബർ 22 മുതൽ നടത്തുന്ന മൂന്നാം സെമസ്റ്റർ പി.ജി.ഡി.സി.എ (റഗുലർ ആന്റ് സപ്ലിമെന്ററി) നവംബർ 27 മുതൽ നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ (സപ്ലിമെന്ററി) എന്നീ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്.സി പ്രാക്ടിക്കൽ വൈവ പരീക്ഷകൾ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി കൗൺസിലിംഗ് സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കലും വൈവ പരീക്ഷകൾ നവംബർ എട്ട്, ഒൻപത് തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
02.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ